(ബി) ഭീമമായ തുക നൽകി ചെയ്യുന്ന ടാറിംഗ് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ ഇളകുകയും അപ്രകാരം ഉണ്ടായ കുഴികൾ പാച്ച്വർക്ക് നടത്തുകയും ചെയ്ത വിവരം ഉദ്യോഗസ്ഥർ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ പണിയുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരെ മാറ്റി വിദഗ്ദ്ധരെക്കൊണ്ട് പണിയുടെ ഗുണനിലവാരം തിട്ടപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) പണിയുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുവാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും ഈ പണിയിൽ ആയത് ഉപയോഗപ്പെടുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കരാറനുസരിച്ച് പണികൾക്ക് ഒരു വർഷത്തെ ഗ്യാരണ്ടി ഉണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി, ഡി) ലോകബാങ്ക് ധനസഹായത്തോടെയുള്ള കെ.എസ്.ടി.പി.-യിൽ ഉൾപ്പെട്ട പണികളുടെ നടത്തിപ്പിൽ ഗുണമേന്മ ഉറപ്പാക്കുന്നതിന് കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പണികളുടെ മേൽനോട്ടം നടത്തുന്നതിന് അന്താരാഷ്ട്ര നിലവാരമുള്ള കൺസൾട്ടന്റുമാരെ നിയോഗിക്കുകയും ഗുണനിലവാരം ഉറപ്പാക്കുന്നതിന് എല്ലാ പദ്ധതികളിലും അന്താരാഷ്ട്ര നിലവാരമുള്ള പ്രത്യേക പരിശോധനാശാലകളും അവയിൽ ഐ. ആർ. സി., ഐ. എസ്. എസ്. തുടങ്ങിയവ നിഷ്ക്കർഷിച്ചിട്ടുള്ള യന്ത്ര സാമഗ്രികളും സ്ഥാപിച്ചിട്ടുമുണ്ട്. നിർമ്മാണ വസ്തുക്കളുടേയും പണിയുടേയും ഗുണനിലവാരം വിവിധ ഘട്ടങ്ങളിൽ നിത്യവും പരിശോധനകൾക്കു വിധേയമാക്കുന്നുണ്ട്.

കെ.എസ്.ടി.പി. പദ്ധതിയിൽപ്പെടുത്തി റോഡുകളുടെ പുനരുദ്ധാരണം

38 [5015] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് പദ്ധതിയിൽപ്പെടുത്തി പുതിയതായി റോഡുകളുടെ പുനരുദ്ധാരണത്തിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) സംസ്ഥാനത്തെ 1600 കി. മീ. റോഡുകളുടെ വികസനത്തിനായി ലോകബാങ്ക് ധനസഹായത്തോടെ ഇപ്പോൾ നടപ്പാക്കിവരുന്ന പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് രണ്ടാംഘട്ട പദ്ധതി (കെ.എസ്.ടി.പി.-2) നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly